(സി) പരിശീലന കേന്ദ്രത്തിലെ 7,500 രൂപ വിലയുള്ള 20 മെഷീനുകളും 11,000 രൂപ വിലയുള്ള 10 മെഷീനുകളും തുരുമ്പെടുത്തു നശിച്ചു കൊണ്ടിരിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മലബാർ മേഖലയിൽ പുതിയ ഒരു വൈരക്കൽ നിർമ്മാണ കേന്ദ്രം തുടങ്ങുവാനുദ്ദേശമുണ്ടോ ;

(ഇ) മുഹമ്മയിലെ പരിശീലനകേന്ദ്രം തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഹമ്മയിലെ കൃത്രിമ വൈരക്കൽ നിർമ്മാണ കേന്ദ്രം അടച്ചു പൂട്ടിയിട്ടില്ല.

(ബി) രണ്ടാമത്തെ ബാച്ചിന് പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) പരിശീലന കേന്ദ്രത്തിലെ മെഷിനറികൾ തുരുമ്പെടുത്തു നശിച്ചിട്ടില്ല.

(ഡി) മലബാർ മേഖലയിൽ കോടിയേരി, പാപ്പിനിശ്ശേരി എന്നിവിടങ്ങളിൽ ഓരോ കൃത്രിമ വൈരക്കൽ നിർമ്മാണ കേന്ദ്രം 18-2-2001 ൽ പ്രവർത്തനം ആരംഭിച്ചു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ വായ്പ

24 (593) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ സംസ്ഥാനത്ത് ഗ്രാമ വ്യവസായങ്ങൾ സ്ഥാപിക്കുന്നവർക്ക് ബാങ്ക് വഴി ഈ വർഷം എന്തു തുക വായ്പയായി ലഭ്യമാക്കാനാണ് തീരുമാനിച്ചിരുന്നത് ;

(ബി) അതിൽ എന്തു തുകയ്ക്കുള്ള വായ്പകൾ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ശുപാർശ ചെയ്തു ;

(സി) അതിൽ ബാങ്കുകൾ എന്തു തുകയ്ക്കുള്ള വായ്പകൾ നൽകി ;

(ഡി) ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ഈ വർഷം ഈയിനത്തിൽ കേരളത്തിൽ ലഭ്യമാക്കാനുദ്ദേശിച്ചിരുന്ന വായ്പയുടെ എത്ര ശതമാനം ഇതുവരെ വ്യവസായികൾക്ക് ലഭ്യമായി ;

(ഇ) ഈ പദ്ധതി പ്രകാരം വായ്പ എടുക്കുന്നവർക്ക് ലഭിക്കുന്ന മാർജിൻമണി എത്രയാണ് ;

(എഫ്) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളെപ്പറ്റി എന്തെല്ലാം വിധത്തിലുള്ള പ്രചാരണം നൽകിയിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ പദ്ധതി പ്രകാരം വായ്പയെടുക്കുന്നവർ സംസ്ഥാനത്ത് കുറയുവാനുള്ള കാരണങ്ങളെന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ മാർജിൻമണി പദ്ധതിയിൽ സംസ്ഥാനത്ത് 2000-2001-ൽ 37.36 കോടി രൂപ നൽകാനാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) 1-4-2000 മുതൽ 30-11-2000 വരെ 18.52 കോടി രൂപയ്ക്കുള്ള വായ്പകൾ ഖാദി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

(സി & ഡി) ഈ വിവരം ബാങ്കുകളിൽ നിന്നും ഖാദി കമ്മീഷനു ലഭിക്കാനിരിക്കുന്നതേയുള്ളു.

(ഇ) ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് തുകയുടെ 25% വും പട്ടികജാതി/പട്ടികവർഗ്ഗക്കാർ, ന്യൂനപക്ഷങ്ങൾ, വിമുക്തഭടന്മാർ, മറ്റു പിന്നോക്ക വർഗ്ഗക്കാർ, വികലാംഗർ, സ്ത്രീകൾ എന്നിവർക്ക് 30% -വും മാർജിൻ മണി ഗ്രാന്റിന് അർഹതയുണ്ട്.

(എഫ്) സംസ്ഥാന തല സെമിനാർ, ജില്ലാതല സെമിനാറുകൾ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ഒരു മിനിറ്റ് സിനിമാ ഷോ, സിനിമാസ്ലൈഡ്, പത്രവാർത്ത, ലഘുലേഖകൾ എന്നിവ വഴി പ്രചാരണം നടത്തിയിരുന്നു.

(ജി) ഈ പദ്ധതി പ്രകാരം വായ്പയെടുക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഖാദി വ്യവസായത്തിന്റെ പുരോഗതിക്കുള്ള പദ്ധതികൾ

25 (594) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും ഖാദി വ്യവസായത്തിന്റെ പുരോഗതിക്കും വേണ്ടി ഈ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് :

(ബി) ഖാദി തുണിക്ക് നൽകിവരുന്ന റിബേറ്റ് ഇപ്പോഴും തുടരുന്നുണ്ടോ ; ഈ ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഓരോ വർഷവും കിട്ടുന്ന സഹായം എത്ര ;

(സി) ഖാദി തുണി സർക്കാർ ജീവനക്കാർക്കും സർക്കാർ ഓഫീസുകളിലും സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോമിനും ഉപയോഗിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഖാദി വ്യവസായത്തിലെ തൊഴിലാളികളുടെ കൂലി മെച്ചപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly